മൂസക്കുട്ടി വെട്ടിക്കാട്ടിരി

## ജോർദാനിൽ പരിഷ്ക്കരണ പ്രക്ഷോഭം ശക്തമാകുന്നു

**ജോർദാനിൽ** കൂടുതൽ പരിഷ്ക്കരണമാവശ്യപ്പെട്ട് പ്രക്ഷോഭങ്ങൾ ശക്തി പ്രാപിക്കുന്നു. തലസ്ഥാന നഗരമായ അമ്മാനിൽ ജൂൺ 14 ന് വെള്ളിയാഴ്ച ജുമുഅ നമസ്കാരത്തിന് ശേഷം ഇസ്‌ലാമിക പ്രസ്ഥാനങ്ങളടക്കമുള്ള വിവിധ പാർട്ടികളുടെ കൂട്ടായ്മകൾ പരിഷ്കരണമാവശ്യപ്പെട്ട് വൻ പ്രതിഷേധം സംഘടിപ്പിച്ചു. സർക്കാർ രാജിവെക്കണമെന്നും പാർലമെന്റ് പിരിച്ചുവിടണമെന്നും ആവശ്യപ്പെട്ടായിരുന്നു പ്രകടനം. അഴിമതി അവസാനിപ്പിക്കണമെന്നും ജയിലിലടക്കപ്പെട്ട പ്രതിപക്ഷ അംഗങ്ങളെ മോചിപ്പിക്കണമെന്നും സമ്പൂർണ പരിഷ്ക്കരണമല്ലാതെ മറ്റൊന്നിനും വഴങ്ങുകയില്ലെന്നും വിവിധ സംഘടനാ നേതാക്കൾ പറഞ്ഞു.

എല്ലാ വിഭാഗം ജനങ്ങൾക്കും പ്രാതിനിധ്യം ലഭിക്കത്തക്ക വിധത്തിൽ പുതിയ തിരഞ്ഞെടുപ്പ് നിയമം കൊണ്ടുവരണമെന്ന് പ്രതിപക്ഷ പാർട്ടികൾ ദീർഘ കാലമായി ആവശ്യപ്പെടുന്നുണ്ട്.



## സിറിയയിൽനിന്ന് പിൻമാറണമെന്ന് ഹിസ്ബുല്ലയോട് ഹമാസ്

**ഹിസ്ബുല്ലയുടെ** സിറിയയിലെ ഇടപെടലിനെ ഫലസ്തീൻ പോരാട്ട സംഘടനയായ ഹമാസ് അപലപിച്ചു. സിറിയയിൽനിന്ന് എത്രയും വേഗം പിൻവാങ്ങണമെന്ന് ഹിസ്ബുല്ലയോട് ആവശ്യപ്പെടുകയും ചെയ്തു. സിറിയയിലെ ഹിസ്ബുല്ലയുടെ ഇടപെടൽ മേഖലയിൽ വംശീയ വികാരം ശക്തിപ്പെടുത്തുമെന്നും അത് അശാന്തിക്ക് കാരണമാകുമെന്നും ഈജിപ്ഷ്യൻ തലസ്ഥാനമായ കയ്റോയിൽ പുത്തിറക്കിയ പ്രസ്താവനയിൽ പറഞ്ഞു. സിറിയൻ ജനതക്ക് അവരുടെ സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടാൻ എല്ലാ അവകാശങ്ങളുമുണ്ടെന്നും ഹമാസ് വ്യക്തമാക്കി. അറബ് മുസ്‌ലിം സമൂഹം നേരിടുന്ന മുഖ്യ വെല്ലുവിളി ജൂത രാഷ്ട്രമാണെന്നും ഫലസ്തീൻ വിമോചന പോരാട്ടം അവരുടെ മുഖ്യ അജണ്ടയാണെന്നും വ്യക്തമാക്കിയ ഹമാസ് മുസ്‌ലിം സമൂഹം എല്ലാവിധ വർഗ, വംശ, ഗോത്ര താൽപര്യങ്ങളെയും മാറ്റിനിർത്തി ഐക്യപ്പെടണമെന്നും ആഹ്വാനം ചെയ്തു.

## ദി ഇംഗ്ലീഷ് മദ്രസ ഫോർ ഇസ്‌ലാമിക് സ്റ്റഡീസ് പി.ടി.എ സംഗമം, അവാർഡ് വിതരണം

**കുവൈത്ത്:** കെ.ഐ.ജിയുടെ നേതൃത്വത്തിൽ നടത്തുന്ന ദി ഇംഗ്ലീഷ് മദ്രസ ഫോർ ഇസ്‌ലാമിക് സ്റ്റഡീസ് സാൽമിയയിൽവെച്ച് പി.ടി.എ സംഗമം നടത്തി. വാർഷിക പരീക്ഷയിൽ ഉയർന്ന മാർക്ക് വാങ്ങിയ കുട്ടികൾക്കുള്ള അവാർഡുകളും വിതരണം ചെയ്തു. സയിദ് അബ്ദുർറഹ്മാൻ ഖിറാഅത്ത് നടത്തി. പ്രിൻസിപ്പൽ ഫൈസൽ മഞ്ചേരി അധ്യക്ഷത വഹിച്ചു. അടുത്ത അധ്യയന വർഷത്തിൽ ഔഖാഫിന്റെ അനുമതിയോടെ സ്ഥാപനത്തിന്റെ ഒരു ശാഖ കൂടി തുടങ്ങാൻ ഉദ്ദേശിക്കുന്നതായി അദ്ദേഹം അറിയിച്ചു.

ഇന്ത്യ, പാകിസ്താൻ, അമേരിക്ക, ബ്രിട്ടൻ, കാനഡ, ശ്രീലങ്ക, ഇന്തോനേഷ്യ, ബംഗ്ലാദേശ്, ഫിലിപ്പൈൻസ് തുടങ്ങിയ വിവിധ രാജ്യക്കാരായ വിദ്യാർഥികൾ മദ്റസയിൽ പഠിക്കുന്നുണ്ട്. അഡ്മിനിസ്ട്രേറ്റർ നാസർ ഒറവിങ്കൽ സ്വാഗതം പറഞ്ഞു. മദ്റസ പി.ടി.എ പ്രസിഡന്റ് ഫരീദുദ്ദീൻ, സെക്രട്ടറി മുഹമ്മദ് ഖാലിദ്, ട്രഷറർ മുഹമ്മദ് സലീം എന്നിവർ അനുമോദന പ്രസംഗം നടത്തി. കെ.ഐ.ജി സാൽമിയ ഏരിയാ പ്രസിഡന്റ് ഇസ്മാഈൽ സന്നിഹിതനായിരുന്നു. വർഷാന്ത പരീക്ഷയിൽ ഉയർന്ന മാർക്ക് നേടിയ കുട്ടികൾക്കുള്ള ട്രോഫികൾ പി.ടി.എ ഭാരവാഹികൾ വിതരണം ചെയ്തു. മദ്റസാധ്യാപകൻ അൻഷദ് നന്ദി പറഞ്ഞു.

## ഖറദാവിക്ക് സുഊദി കിരീടാവകാശിയുടെ അഭിനന്ദനം

**ദോഹ:** സിറിയയിലെ കൂട്ടക്കുരുതിയെ സഹായിക്കുന്നതിന്റെ പേരിൽ ഹിസ്ബുല്ലയെ നിശിതമായി വിമർശിക്കാൻ തയാറായ ഡോ. യൂസുഫുൽ ഖറദാവിക്ക് സുഊദി കിരീടാവകാശി സൽമാൻ ബിൻ അബ്ദുൽ അസീസ് നന്ദി രേഖപ്പെടുത്തി. ഖറദാവിയെ ടെലിഫോണിൽ ബന്ധപ്പെട്ട രാജകുമാരൻ, സത്യത്തോടൊപ്പം നിൽക്കാനും അക്രമികളെ വിമർശിക്കാനും കാണിക്കുന്ന ധീരതയെയും ഹിസ്ബുല്ല വിഷയത്തിൽ സുഊദി പണ്ഡിതന്മാരാണ് കൂടുതൽ പക്വത കാണിച്ചതെന്ന ഖറദാവിയുടെ ഏറ്റുപറച്ചിലിനെയും രാജകുമാരൻ പ്രശംസിച്ചു. സ്വേഛാധിപതികളുടെ മർദനത്തിനിരയാകുന്ന ജനതക്കൊപ്പം താൻ നിർഭയം നിലകൊള്ളുമെന്ന് ഖറദാവി അറിയിച്ചു.

സുഊദി ഗ്രാന്റ് മുഫ്തി ശൈഖ് അബ്ദുൽ അസീസ് ആൽശൈഖും ഖറദാവിയുടെ നിലപാടിനെ പ്രശംസിച്ച് പ്രസ്താവന ഇറക്കിയിരുന്നു.

# സൈത്തൂൻ മരങ്ങൾ ചുട്ടെരിച്ചും പിഴുതെറിഞ്ഞും ഇസ്രയേലി അധിനിവേശം



**ഫലസ്ത്വീനികൾക്ക്** പ്രകൃതി ചുരത്തിയ കാരുണ്യമാണ് ഫല സമ്പുഷ്ടമായ സൈത്തൂൻ മരങ്ങൾ. ഇസ്രയേലി കുടിയേറ്റക്കാരുടെ ക്രൂരതകൾക്ക് ഈ ഫല വൃക്ഷങ്ങൾ സദാ ഇരയാവുകയാണ്. കഴിഞ്ഞ ആഴ്ചകളിലായി നാബുൾസിലെ ഗ്രാമങ്ങളിൽ സൈത്തൂൻ മരങ്ങൾ ചുട്ടെരിച്ചും പിഴുതെറിഞ്ഞും ക്രൂരത ആഘോഷമാക്കുന്ന വാർത്തകളാണ് വന്നുകൊണ്ടിരിക്കുന്നത്. ഒരു ഗ്രാമത്തിലെ സൈത്തൂൻ തോട്ടത്തിൽ തീയിട്ടതിന്റെ ഫലമായി ചുരുങ്ങിയത് 300 മരങ്ങളെങ്കിലും വെന്തുകരിഞ്ഞതായി നാബുൾസ് കുടിയേറ്റ കാര്യ വിഭാഗം മേധാവി ഗസ്സാൻ ദഗ്ലസിനെ ഉദ്ധരിച്ച് ഇന്റർനാഷ്ണൽ ഇസ്‌ലാമിക് ന്യൂസ് ഏജൻസി (IINA) റിപ്പോർട്ട് ചെയ്തു. ഫലസ്ത്വീനി കർഷകർക്കുനേരെ ആക്രമണങ്ങൾ അഴിച്ചുവിട്ട് തുരത്തിയ ശേഷമാണ് തോട്ടത്തിൽ തീയിട്ടത്. പടിഞ്ഞാറെക്കരയിൽ നടന്ന സമാനമായ ഒരു സംഭവത്തിൽ 25 ഓളം സൈത്തൂൻ മരങ്ങൾ ജൂത കുടിയേറ്റക്കാർ പിഴുതെറിഞ്ഞ് നശിപ്പിച്ചതായും ദഗ്ലസ് പറഞ്ഞു.

# സിറിയൻ പ്രതിസന്ധി: ലോക മുസ്‌ലിം നേതാക്കൾ മുർസിയെ കണ്ടു

**നയതന്ത്ര** ബന്ധം വിഛേദിക്കുന്നതടക്കം സിറിയക്കെതിരെ കടുത്ത തീരുമാനം കൈകൊള്ളാൻ ഈജിപ്ഷ്യൻ പ്രസിഡന്റ് മുഹമ്മദ് മുർസിയെ പ്രേരിപ്പിച്ചത് 19 ഓളം ഇസ്‌ലാമിക രാഷ്ട്രങ്ങളിൽനിന്നുള്ള പ്രതിനിധികളുമായി നടത്തിയ കൂടിക്കാഴ്ചയെന്ന് റിപ്പോർട്ടുകൾ. പ്രമുഖ പണ്ഡിതരടങ്ങുന്ന പ്രതിനിധി സംഘം ലോക മുസ്‌ലിം പണ്ഡിതസഭാ അധ്യക്ഷൻ ശൈഖ് യൂസുഫുൽ ഖറദാവിയുടെ നേതൃത്വത്തിലാണ് കയ്റോയിൽവെച്ച് പ്രസിഡന്റ് മുഹമ്മദ് മുർസിയെ കണ്ടത്. സിറിയയിൽ ബശ്ശാർ നടത്തുന്ന കൂട്ടക്കുരുതി അവസാനിപ്പിക്കുന്നതിന് ഈജിപ്ത് 'കൂടുതൽ ശക്തമായി' ഇടപെടണമെന്നും സിറിയൻ ജനതയുടെ കൂടെ നിലകൊള്ളണമെന്നും ശൈഖ് ഖറദാവി മുർസിയോട് ആവശ്യപ്പെട്ടിരുന്നു. എന്നാൽ സിറിയൻ വിഷയത്തിൽ അറബ് രാജ്യങ്ങൾ ഒരുതരം മെല്ലെപ്പോക്ക് നയം സ്വീകരിക്കുന്നതായും ചില ഗൾഫ് നാടുകൾ നിസ്സഹകരിക്കുന്നതായും പ്രസിഡന്റ് മുർസി പ്രതിനിധികളോട് പരാതിപ്പെട്ടതായി റിപ്പോർട്ടുണ്ട്.



## ഇസ്രയേലി കാരക്ക ബഹിഷ്‌ക്കരിക്കാൻ ബ്രിട്ടീഷ് മുസ്‌ലിംകൾ

**വിശുദ്ധ** റമദാൻ വിളിപ്പാടകലെ എത്തിനിൽക്കെ ഇസ്രയേലി കുടിയേറ്റ മേഖലയിൽ ഉൽപാദിപ്പിക്കുന്ന ഈത്തപ്പഴം ബഹിഷ്‌ക്കരിക്കണമെന്ന ആഹ്വാനവുമായി ബ്രിട്ടീഷ് മുസ്‌ലിംകൾ. അധിനിവേശ ഫലസ്ത്വീൻ പ്രദേശമായ പടിഞ്ഞാറെക്കരയിൽ ഇസ്രയേൽ ഉൽപാദിപ്പിക്കുന്ന കാരക്കയുടെ ഏറ്റവും വലിയ റമദാൻ മാർക്കറ്റാണ് ബ്രിട്ടൻ.

ഇസ്രയേൽ ഫലസ്ത്വീൻ മണ്ണിൽ നടത്തുന്ന കൈയേറ്റം ലോക ജനതയുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരികയാണ് ബഹിഷ്‌ക്കരണത്തിലൂടെ മുഖ്യമായി ലക്ഷ്യമിടുന്നതെന്ന് മുസ്‌ലിം അസോസിയേഷൻ ഓഫ് ബ്രിട്ടൻ (MAB) വക്താവ് വെളിപ്പെടുത്തി. ഇസ്രയേലി കാരക്ക ഉപയോഗിക്കുന്നതിലൂടെ ഫലസ്ത്വീൻ മണ്ണിൽ ജൂത രാഷ്ട്രം നടത്തുന്ന കൊള്ളക്കും മറ്റു അതിക്രമങ്ങൾക്കും അത് ന്യായീകരണമാവുമെന്നും എം.എ.ബി വ്യക്തമാക്കി. 27 ലക്ഷത്തോളം വരും ബ്രിട്ടീഷ് മുസ്‌ലിംകളുടെ ജനസംഖ്യ.




2011-ൽ കാരക്ക കയറ്റുമതിയിലൂടെ ഇസ്രയേൽ 26.5 കോടി ഡോളർ നേടിയതായാണ് കണക്ക്. ഇസ്രയേൽ ഉൽപാദിപ്പിക്കുന്ന 60% കാരക്കയും കൈയേറ്റ മേഖലകളിൽനിന്നാണ്.

## തുനീഷ്യൻ ഏകാധിപതിയും കുടുംബങ്ങളും കൊള്ളയടിച്ചത് 500 കോടി

**തുനീഷ്യയിൽനിന്നും** പുറത്താക്കപ്പെട്ട ഏകാധിപതി സൈനുൽ ആബിദീൻ ബിൻ അലിയും ഭാര്യയും കുടുംബാംഗങ്ങളുമടങ്ങുന്ന 114 പേർ കൊള്ളയടിച്ച രാജ്യത്തിന്റെ സ്വത്ത് 5000 കോടി ഡോളർ വരുമെന്ന് തുനീഷ്യൻ ഇസ്‌ലാമിക പ്രസ്ഥാനമായ 'അന്നഹ്ദ' നേതാവ് റാശിദുൽ ഗനൂശി പറഞ്ഞു. തുനീഷ്യയിലെ നിക്ഷേപം മാത്രമാണിതെന്നും രാജ്യത്തിനു പുറത്തുള്ളതിന് യഥാർഥ കണക്കുകളില്ലെന്നും അദ്ദേഹം പറഞ്ഞു. അൾജീരിയൻ പത്രമായ *അൽഖബറി*നു നൽകിയ അഭിമുഖത്തിൽ ബിൻ അലിയും കൂട്ടരും കൊള്ളയടിച്ച തുനീഷ്യൻ ജനതയുടെ സമ്പത്തിന്റെ യഥാർഥ കണക്ക് ലഭ്യമല്ലെന്നും ഗനൂശി പറഞ്ഞു. ഈ വർഷാവസാനത്തോടെ നടക്കാനിരിക്കുന്ന പൊതുതെരഞ്ഞെടുപ്പ് കുറ്റമറ്റതായിരിക്കുമെന്നും അന്നഹ്ദ നേതാവ് പറഞ്ഞു. ജനഹിതമനുസരിച്ചുള്ള ഒരു ഭരണകൂടം തെരഞ്ഞെടുപ്പിന് ശേഷം നിലവിൽവരുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിച്ചു.

## ഹസൻ റൂഹാനി: ഇറാൻ റിപ്പബ്ലിക്കിന്റെ പുതിയ പ്രസിഡന്റ്

**ഇറാൻ** ഇസ്‌ലാമിക് റിപ്പബ്ലിക്കിന്റെ ഏഴാമത്തെ പ്രസിഡണ്ടായി മിതവാദിയായി അറിയപ്പെടുന്ന ഹസൻ റൂഹാനി തെരഞ്ഞെടുക്കപ്പെട്ടു. ഹസൻ റൂഹാനി തെരഞ്ഞെടുക്കപ്പെട്ട വാർത്ത ലോകരാഷ്ട്ര നേതാക്കളിൽ സമ്മിശ്ര പ്രതികരണങ്ങളുണ്ടാക്കി. അമേരിക്കയടക്കമുള്ള ലോക രാഷ്ട്രങ്ങൾ വളരെ കരുതലോടെയാണ് തെരഞ്ഞെടുപ്പ് ഫലത്തോട് പ്രതികരിച്ചത്. പരിഷ്‌ക്കരണവാദി സ്ഥാനാർഥിയുടെ വിജയം പ്രതീക്ഷ നൽകുന്നുവെന്ന് മാത്രമാണ് വൈറ്റ് ഹൗസിന്റെ പ്രതികരണം. ഫലം പുറത്തുവന്നശേഷം നടത്തിയ പ്രസ്താവനയിൽ ഇറാൻ നേതാക്കളിൽനിന്ന് അധികമൊന്നും കേട്ടിട്ടില്ലാത്ത വാക്കുകളാണ് റൂഹാനിയിൽ നിന്നുണ്ടായത്. പാശ്ചാത്യ രാജ്യങ്ങളുമായി ചർച്ചയുടെ പാതയിലേക്ക് തരിച്ചുവരണമെന്ന് പറഞ്ഞ റൂഹാനി അയൽരാജ്യങ്ങളുമായി ബന്ധം മെച്ചപ്പെടുത്താനും ആഹ്വാനം ചെയ്തു. മാധ്യമ രംഗം പരിഷ്‌ക്കരണത്തിന് വിധേയമാക്കുമെന്നും രാഷ്ട്രീയ തടവുകാരെ മോചിപ്പിക്കുമെന്നും പറഞ്ഞു. എന്നാൽ മുൻ പ്രസിഡണ്ട് അഹ്മദി നിജാദ് തുടങ്ങിവെച്ച



ആണവ സമ്പുഷ്ടീകരണവുമായി മുന്നോട്ട്പോകുമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പുതിയ നേതൃത്വം എത്രത്തോളം ഫലവത്താകുമെന്നാണ് ലോകം ഉറ്റുനോക്കുന്നത്. മുസ്‌ലിം ലോകത്ത് അത് എങ്ങനെ പ്രതിഫലിക്കുമെന്നും.